(ബി) പ്രസ്തുത തീയതിയിൽ നിലവിൽവന്ന എസ്.ഐ (കെ.സി.പി), എസ്.ഐ (ആംഡ്പോലീസ് ബറ്റാലിയൻ) റാങ്ക് ലിസ്റ്റുകളിൽ നിന്നും ഒരാളെപോലും നിയമിച്ചിട്ടില്ലായെന്നപോലെ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 7 പേർക്കും, അസിസ്റ്റന്റ് ജയിലർ തസ്തികയിൽ 15 പേർക്കും മാത്രം നിയമനം ലഭിച്ച സാഹചര്യത്തിൽ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുകൊണ്ട് സർക്കാരിനും, ഉദ്യോഗാർത്ഥികൾക്കും ഉണ്ടാകുന്ന പ്രയോജനം സംബന്ധിച്ച വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ദീർഘ പ്രക്രിയയാണ്. ആയത് വിവിധ ഘട്ടങ്ങളിലായി നിർവ്വഹിക്കുന്നതിനാൽ ഒരു പ്രത്യേക തസ്തികയുടെ തെരഞ്ഞെടുപ്പിനായി മൊത്തം ചെലവായ തുക കണക്കാക്കുന്നതിന് പകരം ഓരോ വർഷവും പരീക്ഷകൾക്ക് പൊതുവായി ചെലവാകുന്ന തുകയാണ് കണക്കാക്കിവരുന്നത്.

(ബി) കാര്യക്ഷമതയുള്ളതും യോഗ്യരുമായ കൂടുതൽ യുവാക്കളെ യൂണിഫോം ഫോഴ്സുകൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് വാർഷിക തെരഞ്ഞെടുപ്പ് സമ്പ്രദായം കമ്മീഷൻ നടപ്പിലാക്കിയിട്ടുള്ളത്. ഇത് പ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് ഒരു വർഷം മാത്രമേ കാലാവധിയുള്ളൂ. റാങ്ക് പട്ടിക ലൈവായിരിക്കുന്നതിനും ഉദ്യോഗാർത്ഥികളെ യഥാസമയം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

പി.എസ്.സി.-ക്ക് കൂടുതൽ ജീവനക്കാരെ അനുവദിക്കൽ

77(48) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ ജോലിഭാരം പരിഗണിച്ച് കൂടുതൽ ജീവനക്കാരെ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 36000 ത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടും പി.എസ്.സി.യുടെ ജോലി ഭാരത്തിന് അനുസൃതമായി അവശ്യമായ ജീവനക്കാരെ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യുണി ഫോംഡ് ഫോഴ്സിന്റെ വാർഷിക സെലക്ഷൻ പരീക്ഷകൾ, സർവ്വിസ് വെരിഫിക്കേഷൻ,സർവകലാശാല ഉൾപ്പെടെ കൂടുതൽ സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് തുടങ്ങിയവ പി.എസ്.സി.-ക്ക് നൽകിയ സാഹചര്യങ്ങൾ പരിഗണിച്ച് പി.എസ്.സി.-ക്ക് അവശ്യത്തിന് ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പി.എസ്.സി.-ക്ക് ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പി.എസ്.സി.-യോ, ഏതെങ്കിലും സംഘടനകളോ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പികൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) കഴിഞ്ഞ അഞ്ചുവർഷത്തിനകം പി.എസ്.സി.-യിൽ താഴെപ്പറയുംപ്രകാരം 34 അധിക തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്:

14-12-2012-ലെ G.O(Ms.)No.371/2012/GAD പ്രകാരം ആകെ 30 തസ്തികകൾ.

ക്രമ നമ്പർ	തസ്തിക	തസ്തികകളുടെ എണ്ണം
1	അഡീഷണൽ സെക്രട്ടറി	1
2	അണ്ടർ സെക്രട്ടറി	1
3	സെക്ഷൻ ഓഫീസർ	2
4	അസിസ്റ്റന്റ്	20
5	കമ്പ്യൂട്ടർപ്രോഗ്രാം/ടെക്നിക്കൽ അസിസ്റ്റന്റ്	6
	ആകെ	30

GPM. 2/237/2020-73

LIBRARY ARCHIVES Kerala Legislative Assembly

7-11-2015-ലെ G.O(Ms.)No.276/2015/GAD പ്രകാരം ആകെ 4 തസ്തികകൾ.

ക്രമ നമ്പർ	തസ്തിക	തസ്തികകളുടെ എണ്ണം
1	ജോയിന്റ് സെക്രട്ടറി	1
2	ഡെപ്യൂട്ടി സെക്രട്ടറി	1
3	അണ്ടർ സെക്രട്ടറി	1
4	സിസ്റ്റം അനലിസ്റ്റ്	1
	ആകെ	4

ഇതുകൂടാതെ അധിക തസ്തികകൾ അനുവദിക്കുന്നതിനുവേണ്ടി പി.എസ്.സി. സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയുമാണ്.

(ഡി) ഉണ്ട്. കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ, പി.എസ്.സി. എംപ്ലോയീസ് അസ്സോസിയേഷൻ എന്നീ സംഘടനകൾ നൽകിയ നിവേദനങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

ഭരണപരിഷ്കരണം

78(49) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ പരിഷ്കരണത്തിനായുള്ള ഏതെല്ലാം കമ്മീഷനുകളുടെ ശിപാർശകളാണ് ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഏതെങ്കിലും കമ്മീഷൻ ശിപാർശ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഭരണ രംഗത്ത് ഏതെല്ലാം തരത്തിലുള്ള പരിഷ്കാരങ്ങൾ അനിവാര്യമായിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ട്; പരിഗണനയിലുള്ള പരിഷ്കരണനിർദ്ദേശങ്ങൾ വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly